# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.137/PR/PIC/PHQ/18 Date : 01.06.2018

**ശുഭയാത്ര 2018 – റോഡുസുരക്ഷാ നിർദ്ദേശങ്ങളായി**

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് റോഡപകടങ്ങൾ പത്തു ശതമാനമായി കുറയ്ക്കാൻ ലക്ഷ്യമിട്ടാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ. സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ചുമാസത്തെ പ്രവണതകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ നിർദ്ദേശങ്ങൾ. സംസ്ഥാനത്ത് നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമീണ മേഖലയിലാണ് ഇപ്പോൾ റോഡപകടങ്ങൾ കൂടുതൽ. ജങ്ഷനുകളും ട്രാഫിക് സിഗ്നലുക്കളെയുമപേക്ഷിച്ച് സ്ട്രെയിറ്റ് റോഡുകളിലാണ് അപകടങ്ങൾ കൂടുതലുണ്ടാകുന്നത്. ഇരുചക്രവാഹനങ്ങളാണ് കൂടുതലായി അപകടങ്ങളിൽപ്പെടുന്നത്. വാഹനങ്ങളുടെ അമിതവേഗവും അപകട നിരക്ക് കൂട്ടുന്നു. കൂടുതൽ അപകടങ്ങളും ഉണ്ടാകുന്നത് അതിരാവിലെയും അർദ്ധരാത്രി സമയങ്ങളിലുമാണ്. ആയതിനാൽ ഡ്രൈവർമാർക്ക് വിശ്രമം ലഭിക്കുന്നതിലേയ്ക്കായി വിവിധ എൻ ജി ഒ കളുടെ സഹകരണത്തോടെ ഡ്രൈവർ വെയിറ്റിങ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. നാലുചക്ര വാഹനങ്ങൾ, ഹെവി വാഹനങ്ങൾ എന്നിവയിലെ ചെറിയ തീപിടുത്തങ്ങൾപോലും വലിയ അപകടങ്ങൾക്ക് കാരണമാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിലേയ്ക്ക് കഴിയുന്നത്ര ചെറിയ തരത്തിലുള്ള അഗ്നിശമനോപകരണങ്ങൾ വാഹനത്തിൽ സൂക്ഷിക്കുന്നതുപോലുള്ള കാര്യങ്ങൾ വാഹനമുടമകൾക്ക് സ്വീകരിക്കാവുന്നതാണ്. നാലുവരി/ആറുവരി പാതകളിൽ ലൈൻ ഗതാഗതം നിർബന്ധമാക്കുന്നതിന് ലൈൻമാർക്കിങ്, മറ്റ് സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തും. അനധികൃത പാർക്കിങ്, റോഡ് കൈയ്യേറിയുള്ള കച്ചവടങ്ങൾ എന്നിവ അവസാനിപ്പിക്കാൻ റവന്യൂ/തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം തേടും. സംസ്ഥാനത്ത് രാത്രി ഒൻപതുമുതൽ 12 വരെ സമയങ്ങളിൽ അപകടങ്ങൾ ധാരാളം ഉണ്ടാകുന്നുണ്ട്. അതിനാൽ പ്രധാന ജങ്ഷനുകളിലും നഗരപ്രദേശങ്ങളിലുമുള്ള അപകടസാധ്യതയുള്ള സ്ഥലങ്ങളിലുമുള്ള ട്രാഫിക് സിഗ്നലുകൾ രാത്രി 12 മണിവരെ പ്രവർത്തിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി. ശുഭയാത്രാപദ്ധതിയുൾപ്പെടെ ഇക്കാര്യത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും

ശക്തമാക്കും. കുട്ടികൾക്ക് സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിലേയ്ക്കായി സ്കൂളുകൾക്ക് സമീപം താൽക്കാലിക മേൽപാലങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായാനും നിർദേശിച്ചിട്ടുണ്ട്. അമിതവേഗം നിയന്ത്രിക്കുന്നതിനായി നിലവിൽ സ്ഥാപിച്ചിട്ടുള്ള നൂറ് സ്പീഡ് ക്യാമറകൾക്കു പുറമേ റെഡ്ലൈറ്റ് ക്യാമറകൾ, റോഡിലെ മഞ്ഞ ലൈൻ ക്രോസ് ചെയ്യുന്നത് കണ്ടുപിടിക്കുന്നതിനുള്ള ലൈൻ എൻഫോഴ്സ്മെന്റ് ക്യാമറകൾ കൂടുതൽ സ്ഥാപിക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പാക്കും. ജില്ലാ പോലീസ് മേധാവിമാർ ട്രാഫിക് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകാനും, റോഡ് സുരക്ഷാ അതോരിറ്റിയിലെ യോഗങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുവേണ്ട കർശന നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകി.

മറ്റു നിർദ്ദേശങ്ങൾ-

1. പരിശോധനയ്ക്കായി നിയമലംഘകരെ തടയുന്നത് കഴിയുന്നത്ര ഒഴിവാക്കി ഡിജിറ്റൽ ക്യാമറകൾ, ബോഡി ക്യാമറകൾ, മൊബൈൽ ഫോണുകൾ എന്നിവ ഉപയോഗപ്പെടുത്തി നിയമലംഘകരുടെ ഫോട്ടോ അല്ലെങ്കിൽ വീഡിയോ പകർത്തണം.

2. ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നവർ നിർബന്ധമായും ശരിയായ രീതിയിൽ നിലവാരമുള്ള ഹെൽമറ്റുകൾ ധരിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. കൂടാതെ ഇരുചക്രവാഹനങ്ങൾ രൂപമാറ്റം വരുത്തി റേസിങ് പോലെ അപകടകരമായി വാഹനമോടിക്കുന്ന സ്ഥലങ്ങളിൽ ഇവ നിയന്ത്രിക്കുന്നതിനായി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

3. നാലുചക്രവാഹന യാത്രികർക്കുള്ള സീറ്റ് ബെൽറ്റ് സംബന്ധിച്ച നിയമവ്യവസ്ഥകളും പാലിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതിനായി വാഹന പരിശോധന കർശനമാക്കണം. പരിശോധനാവേളകളിൽ മാന്യമായ പെരുമാറ്റം ഉറപ്പാക്കണം.

4. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ തുടക്കത്തിൽ തന്നെ കണ്ടെത്താനായി ബാറുകൾ/ഹോട്ടലുകൾ എന്നിവയ്ക്ക് സമീപത്തെ വാഹന പരിശോധന കർശനമാക്കണം.

5. മദ്യപിച്ച് വാഹനം ഓടിക്കുന്നവർ, അമിതവേഗത്തിൽ വാഹനമോടിക്കുന്നവർ എന്നിവരുടെ ലൈസൻസ് പിടിച്ചെടുത്ത് ആർ ടി ഒ യ്ക്ക് കൈമാറി ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾക്ക് വിധേയമാക്കണം.

*********